ചായ്പോം ഗവൺമെൻറ് ഹൈസ്കൂളിന് സ്ഥിരം കെട്ടിടം

933 [1120] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് താലൂക്കിൽ കിണാവൂർ കരിന്തളം പഞ്ചായത്തിൽ ചായ്പോം ഗവൺമെൻറ് ഹൈസ്കൂളിൽ സ്ഥിരം കെട്ടിടം ഉണ്ടാക്കുവാൻ അദ്ധ്യാപക രക്ഷാകർത്തൃ സമിതി പണം കെട്ടിവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിന് കെട്ടിടം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടം ഉണ്ടാക്കുന്നില്ലെങ്കിൽ പണം തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15,000 രൂപ കെട്ടിവെച്ചിട്ടുണ്ട്.

(ബി) 15,000 രൂപയ്ക്ക് കെട്ടിടം പണിയുന്നതിന് നിവർത്തിയില്ലാത്തതിനാൽ കൂടുതൽ തുക ചെലവാക്കി ഒരു വിസ്തൃതമായ കെട്ടിടം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാലേകാൽ ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു കെട്ടിടത്തിന് 1983-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനാൽ പണം തിരികെ കൊടുക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീകാര്യം ഗവൺമെൻറ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി

934 [1121] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകാര്യം ഗവൺമെൻറ് യു. പി. എസ്. അപ്ഗ്രേഡ് ചെയ്തുകൊണ്ടുള്ള ഗവൺമെൻറ് തിരുമാനം നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പേരൻറ്-ടീച്ചേഴ്സ് അസോസിയേഷൻ സ്പോൺസറിംഗ് കമ്മറ്റിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) അവർ തന്ന മെമ്മോറാണ്ടത്തിലെ വിവരങ്ങൾ എന്തൊക്കെയാണ് ;

(സി) അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly